## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്ത് - 2008-09 – വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡികകൾ 3-1(എ), 3-1(ബി), 3-(2), 3-3(സി), 3-4(സി) എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 1029/2014/തസ്വഭവ. തിരുവനന്തപുരം, തീയതി: 24/04/2014

---

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 11/09/2013-ലെ എം3-32908/13 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11/02/2014-ലെ എൽ.എഫ്. 18821/പിറ്റ13/13 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1(എ)യിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽപ്പെടുത്തി ന്യൂമാഹി എം.എം. ഹൈസ്കൂളിന് വാട്ടർ പ്യൂരിഫയർ, സ്റ്റീൽ അലമാര എന്നിവ വാങ്ങിയ ഇനത്തിലുള്ള 11,140/- രൂപ, 3-1 (ബി)യിൽ വായന കോർണർ എന്ന പദ്ധതിയിൽപ്പെടുത്തി പത്രവിതരണം നടത്തിയ ഇനത്തിലുള്ള 765/- രൂപ, ഖണ്ഡിക 3-2-ൽ മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ബോയ് വാങ്ങുന്നതിന് ചെലവ് ചെയ്ത 36,000/- രൂപ, ഖണ്ഡിക 3-3(ബി)യിൽ കുനിയിൽ ഗവ. എൽ.പി. സ്കൂളിന് കമ്പ്യൂട്ടർ വാങ്ങിയ ഇനത്തിൽ ചെലവായ 34,700/- രൂപ, ഖണ്ഡിക 3-4 (സി)യിൽ MNREG നിയമനത്തിലെ 22(1) സിയിൽ അനുശാസിച്ചതിലും കൂടുതൽ ചെലവായ 1,27,822/- രൂപ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ഖണ്ഡികകൾ 3-1, 3(2), 3-3(ബി), 3-4(സി) എന്നിവയിൽ തടസ്സപ്പെടുത്തിയിരുന്ന തുകകൾക്ക് സാധൂകരണം നൽകണമെന്ന 19-12-2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 104/12(9)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്ന 26/06/2013-ലെ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ബഹു. കണ്ണൂർ ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് 26/06/2013-ന് ചേർന്ന ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1(എ) യിൽ തടസ്സപ്പെടുത്തിയ 11,140/-രൂപ (പതിനൊന്നായിരത്തി നൂറ്റി നാൽപത് രൂപ മാത്രം) ഖണ്ഡിക 3-1 (ബി) യിൽ തടസ്സപ്പെടുത്തിയ 765/- രൂപ (എഴുനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം), ഖണ്ഡിക 3-2-ൽ തടസ്സപ്പെടുത്തിയ 36,000/- രൂപ (മുപ്പത്തിയാറായിരം രൂപ മാത്രം) 3(3) ബിയിൽ തടസ്സപ്പെടുത്തിയ 34,700/- രൂപ (മുപ്പത്തിനാലായിരത്തി എഴുനൂറ് രൂപ മാത്രം) ഖണ്ഡിക 3-4 (സി)യിൽ തടസ്സപ്പെടുത്തിയ 1,27,822/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) എന്നീ തുകകൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ന്യൂമാഹി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ